# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2110 11/02/2020-ൽ മറുപടിക്ക്

## ആരോഗ്യ വകുപ്പിന് കീഴിലുള്ള ചികിത്സാ സഹായ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. കെ. ശശീന്ദ്രൻ** | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) ആരോഗ്യ വകുപ്പിന് കീഴിൽ എന്തെല്ലാം ചികിത്സാ സഹായ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്, വ്യക്തമാക്കാമോ; | എ) മാരക രോഗങ്ങളാൽ അവശത അനുഭവിക്കുന്ന രോഗികൾക്ക് ആശുപത്രിയിൽ അവരെ ചികിത്സിക്കുന്ന ഡോക്ടറുടെ സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ലഭിയ്ക്കുന്ന മുറയ്ക്ക് ആരോഗ്യ വകുപ്പിന്റെ കീഴിൽ 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ' മുഖേന ധനസഹായം നൽകി വരുന്നു. കൂടാതെ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് കാരുണ്യ ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി (KASP) നടപ്പിലാക്കി വരുന്നു. ക്യാൻസർ രോഗബാധിതരായുള്ള രോഗികൾക്ക് എല്ലാ സാമ്പത്തിക വർഷവും ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് കാൻസർ രോഗ ചികിത്സാ ധന സഹായവും, കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായി കുഷ്ഠരോഗം ബാധിച്ചവർക്ക് സാമ്പത്തിക മാനദണ്ഡങ്ങൾക്ക് വിധേയമായി ചികിത്സാ കാലയളവിൽ സാമ്പത്തിക സഹായവും നൽകി വരുന്നു.<br><br>__ജനനീ ശിശു സുരക്ഷാ കാര്യക്രം (ജെ.എസ്.എസ്.കെ)__<br><br>ജനനീ ശിശു സുരക്ഷാ കാര്യക്രം (ജെ.എസ്.എസ്.കെ) പദ്ധതി പ്രകാരം ഒരു വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭിക്കുന്നു.<br><br>ഈ പദ്ധതി പ്രകാരം ഗർഭിണികൾക്കും സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭിക്കുന്നു.<br><br>__രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ)__<br><br>ഈ പദ്ധതി പ്രകാരം 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ സാധാരണയായി കണ്ടു വരുന്ന 30 രോഗങ്ങൾക്ക് സൗജന്യ ചികിത്സ ലഭിക്കുന്നു.<br><br>__ആരോഗ്യ കിരണം__<br><br>18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം പദ്ധതി പ്രകാരം ചികിത്സ ലഭിക്കുന്ന |

| | | |
|---|---|---|
| | | 30 രോഗങ്ങൾക്ക് പുറമെയുള്ള രോഗങ്ങൾക്ക് ആരോഗ്യ കിരണം പദ്ധതിയിലൂടെ സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭിക്കുന്നു.<br><br><u>ജനനീ സുരക്ഷാ യോജന (ജെ.എസ്.വൈ)</u><br><br>പ്രസ്തുത പദ്ധതി പ്രകാരം സർക്കാർ ആശുപത്രികളിൽ നടക്കുന്ന പ്രസവങ്ങൾക്ക് താഴെ നൽകിയിരിക്കുന്ന ധനസഹായം നൽകുന്നു.<br><br>ഗ്രാമ പ്രദേശങ്ങളിൽ - 700/- രൂപ (എഴുന്നൂറ് രൂപ)<br><br>നഗര പ്രദേശങ്ങളിൽ - 600/- രൂപ (എഴുന്നൂറ് രൂപ)<br><br>ഇതു കൂടാതെ വീടുകളിൽ നടക്കുന്ന പ്രസവത്തിന് - 500/- രൂപ (അഞ്ഞൂറ് രൂപ) |
| ബി) | ഇത്തരത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളിൽ ഓരോന്നിനും എന്തു തുക സാമ്പത്തിക സഹായമായി ലഭിക്കുന്നുണ്ട്, ഏതെല്ലാം ആശുപത്രികളിലാണ് ഇത്തരത്തിലുള്ള ചികിത്സാ സഹായം ലഭിക്കുന്നത്, വിശദമാക്കുമോ; | ബി) മാരക രോഗങ്ങളാൽ അവശത അനുഭവിക്കുന്നവരും സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ദി പുവർ അംഗീകരിക്കുന്ന രോഗമുള്ളവരുമായവർക്ക് സൊസൈറ്റി അംഗീകൃത ആശുപത്രികളിലെ ചികിത്സിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് പരമാവധി 50,000/- രൂപ വരെ ധനസഹായം അനുവദിച്ചു വരുന്നു. ആശുപത്രികൾ മുഖേന അല്ല ധനസഹായം അനുവദിക്കുന്നത്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നുമാണ് ധനസഹായം അനുവദിക്കുന്നത്.<br><br>കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയിൽ അംഗമാകുന്ന കുടുംബത്തിലെ അംഗങ്ങൾക്ക് പ്രതിവർഷം 5 ലക്ഷം രൂപയുടെ ചികിത്സാ സഹായമാണ് നൽകുന്നത്.<br><br>കാരുണ്യ ചികിത്സാ പദ്ധതിയിൽ അംഗമായ സ്വകാര്യ ആശുപത്രികളിലും, എല്ലാ സർക്കാർ ആശുപത്രികളിലും ടി ചികിത്സാ സഹായം ലഭ്യമാണ്.<br><br>പ്രതിമാസം 1,000/- രൂപ നിരക്കിലാണ് ക്യാൻസർ ചികിത്സാ ധനസഹായം നോൺ പ്ലാൻ ഫണ്ട് വഴി നൽകി വരുന്നത്. ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലുള്ള സമിതിയാണ് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അർബുദ രോഗികളായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്.<br><br>ജനനീ സുരക്ഷാ യോജന (ജെ.എസ്.വൈ) പ്രകാരം സർക്കാർ ആശുപത്രികളിൽ നടക്കുന്ന പ്രസവങ്ങൾക്ക് ഗ്രാമ പ്രദേശങ്ങളിൽ 700/- രൂപയും (എഴുന്നൂറ് രൂപ), നഗര പ്രദേശങ്ങളിൽ 600/- രൂപയും (അറുന്നൂറ് രൂപ) ധനസഹായം നൽകുന്നു. ഇതു കൂടാതെ വീടുകളിൽ നടക്കുന്ന പ്രസവത്തിന് - 500/- രൂപയും (അഞ്ഞൂറ് രൂപ) നൽകുന്നു. |
| സി) | ഓരോ പദ്ധതിയിലും അപേക്ഷ സമർപ്പിക്കുന്നതിന് വരുമാന പരിധി | സി) ഉണ്ട്. മാരക രോഗങ്ങളാൽ അവശത |

| | |
|---|---|
| നിഷ്കർച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വിശദമാക്കാമോ? | അനുഭവിക്കുന്നവരും സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ദി പുവർ അംഗീകരിക്കുന്ന രോഗമുള്ള രോഗികൾക്കും കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് വാർഷിക വരുമാനം 3 ലക്ഷത്തിൽ താഴെ ആയിരിക്കണം. (എ.പി.എൽ/ ബി.പി.എൽ വേർതിരിവില്ല.) ബി.പി.എൽ വിഭാഗത്തിൽ പെട്ടവരും, അതോടൊപ്പം RSBY, ചിസ്, ചിസ് പ്ലസ് തുടങ്ങിയ പദ്ധതികളിൽ അംഗത്വം ലഭിക്കാൻ അർഹതയുള്ളവരും സാമ്പത്തികവും സാമൂഹികവുമായി ദുർബല വിഭാഗങ്ങളായി കണക്കാക്കപ്പെട്ടവരും ആയവർക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതായിരിക്കും. വാർഷിക വരുമാനം 3 ലക്ഷത്തിൽ താഴെയായിരിക്കണം. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള രോഗികൾക്കാണ് അർബുദ രോഗികൾക്കുള്ള ധനസഹായം ലഭ്യമാക്കുന്നത്. എന്നാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള അർബുദ രോഗികൾക്കും വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നുണ്ട്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ട രോഗികൾക്കും കൂടാതെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷത്തിനു താഴെയുള്ളവർക്ക് റവന്യൂ അധികാരികളുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതിയ്ക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. ആദായ നികുതി ദായകർക്കും സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ജീവനക്കാരുടെ ആശ്രിതർക്കും ആരോഗ്യ കിരണം പദ്ധതിയിലൂടെ ആനുകൂല്യം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ